സന്യാസി

വാലിപ്പറമ്പിൽ ഉണ്ണിപ്പാറൻ വൈദ്യർ

സന്യാസി

കാവ്യം

വാലിപ്പറമ്പിൽ ഉണ്ണിപ്പാറൻ വൈദ്യർ

താളിളക്കം

2020

പേര്:	**സന്യാസി**
ഭാഷ	മലയാളം
വിഭാഗം:	കാവ്യം
രചന:	വാലിപ്പറമ്പിൽ ഉണ്ണിപ്പാറൻ വൈദ്യർ
പ്രസാധകർ:	**താളിളക്കം**
	ഡിസംബർ 2020
Layout Design:	പ്രവീൺ വർമ്മ
Copyleft:	

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

സന്യാസി

വാലിപ്പറമ്പിൽ ഉണ്ണിപ്പാറൻ വൈദ്യർ

അവതാരിക

ആംഗ്ലേയ പദ്യസാഹിത്യത്തിൽ ഉത്തമസ്ഥാനത്തെ അർഹിക്കുന്ന ഒരു ഖണ്ഡകൃതിയാണ തോമാസ്സ് പാർണലിന്റെ "ഹെർമിറ്റ്." ആസ്തിക്യബുദ്ധിയും സദാചാരബോധവും ഉണ്ടാക്കിത്തീർക്കുന്ന ഒരു ശ്രേഷ്ഠകവിതയായതുകൊണ്ട് ഇതിന്നു പാശ്ചാത്യരാജ്യങ്ങളിലെന്നല്ല ലോകമെങ്ങും, ഇംഗ്ലീഷുഭാഷാജ്ഞാനം ഉണ്ടായിട്ടുള്ളവരുടെയിടയിൽ, ഒരു പ്രത്യേകമായ പ്രശസ്തി സിദ്ധിച്ചിട്ടുണ്ട്. മലയാളഭാഷയിൽ തന്നെ ഈ കൃതിയെ അനുകരണമായും മറ്റും പ്രസിദ്ധമാക്കീട്ടുണ്ട്.

യൗവ്വനം മുതൽ ഒരു പർവ്വതഗുഹയിൽ ഈശ്വരാരാധനയും പ്രാർത്ഥനയുമായി (പ്രാപഞ്ചികന്മാരുമായി യാതൊരു ബന്ധവുമില്ലാതെ) കഴിച്ചുകൂട്ടിയ ഒരു തപസ്വി "ഗ്രന്ഥം കഥിച്ചതും ഗ്രാമ്യന്മാർ ചൊൽവതും" തമ്മിലുള്ള വ്യത്യാസങ്ങളെ തന്നെത്താൻ കണ്ടറിയേണ്ടതിന്നായി ജനാധിവാസമുള്ള പ്രദേശങ്ങളിലേക്ക് ഇറ ങ്ങി സഞ്ചരിപ്പാൻ നിശ്ചയിക്കുന്നു. സുന്ദരനായ ഒരു യുവാവ് ഈ തപസ്വിയെ പറഞ്ഞ് വിശ്വസിപ്പിച്ച് ഒരു ശിഷ്യനായി പിന്നാലെ കൂടുന്നു. ഈ രണ്ടു പേരും സന്ധ്യാസമയം ഒരു ധനികന്റെ കൊട്ടാരത്തിൽ അഭയം പ്രാപിക്കുന്നു. അതിഥികളെ വേണ്ടവിധം ആ ധനികൻ സല്ക്കരിച്ചു. തന്റെ പ്രാഭവം കാണിപ്പാൻ ആനക്കൊമ്പുകൊണ്ടുണ്ടാക്കിയ പീഠത്തിന്മേൽ ഒരു കാഞ്ചനമദ്യപാത്രം അതിഥിസല്ക്കാരത്തിനായി വെച്ചിരുന്നു. പിറ്റേന്ന് തപസ്വിയും ശിഷ്യനും മടങ്ങിപോകുമ്പോൾ, ശിഷ്യൻ ഈ കാഞ്ചനപ്പാത്രം കട്ടെടുത്തു വസ്ത്രത്തിനുള്ളിൽ ഒളിച്ചുവെച്ചു. തപസ്വി ഈ സ്വഭാവം കണ്ടെങ്കിലും കോപം കൊണ്ട് ഒന്നും മിണ്ടാതെ നടന്നു. അന്നു മദ്ധ്യാഹ്നത്തിനു വേറെയൊരു ദിക്കിൽ ഒരു ധനികന്റെ അരമനയിലാണ് ഇവർ അഭയം പ്രാപിച്ചത്. വലിയ കാറ്റും മഴയും, ഇടിയും മിന്നലുമൊക്കെ ഉണ്ടായിരുന്നിട്ടും ഈ ഭിക്ഷക്കാക്കു ലോഭിയായ ധനികന്റെ വീട്ടിനുള്ളിൽ കടന്നു കിട്ടുവാൻ പ്രയാസപ്പെട്ടു. അതിഥികളെ മനസ്സല്ലാമനസ്സോടെ സല്ക്കരിച്ച് മഴ മാറിയപ്പോൾ തന്നെ അവരോട് പുറത്തേക്കു പോകുവാൻ ആ ധനികൻ കല്പിക്കുകയും ചെയ്തു. ഇതു കേട്ടപ്പോൾ തന്റെ വശമുണ്ടായിരുന്ന കളവുമുതൽ കാഞ്ചനപാത്രം ആ പിശു ക്കന്നു സമ്മാനിക്കുകയാണ ശിഷ്യൻ ചെയ്തത്. തപസ്വിക്കു ഇതുകണ്ടപ്പോൾ കോപം ഒന്നുകൂടി വർദ്ധിച്ചു. ഈ രണ്ടുപേരും യാത്ര വീണ്ടും തുടർന്നു. അന്നു വൈകുന്നേരം വേറെയൊരു ധനികന്റെ ഗൃഹത്തിൽ ഇവർ എത്തിച്ചേർന്നു. ആ ധനികൻ ആസ്തിക്യബുദ്ധിയുള്ള ഒരു ആതിഥേയനായിരുന്നു. അതിഥികളെ വേണ്ടവിധം സൽക്കരിച്ചു കിടത്തിയുറക്കി. പ്രഭാതത്തിന്നു പോകുമ്പോൾ വഴികാട്ടികൊടുപ്പാൻ ഭൃത്യനേയും ശട്ടംചെയ്തു. കിടപ്പുമുറിയിൽനിന്നു പുറ

ത്തുവരുമ്പോൾ തൊട്ടിലിൽ കിടക്കുന്ന ശിശുവിന്റെ കഴുത്തുതിരിച്ചു കൊല്ലുവാൻ ശിഷ്യൻ യാതൊരു സങ്കോചവും കാട്ടിയില്ല. ആതിഥേയന്റെ ഏകശിശുവിനെയാണ് ഇങ്ങിനെ കൊന്നത്. വളരെ ദൂരം എത്തിയപ്പോൾ ഇവർക്ക് ഒരു പുഴയുടെ പാലം കടപ്പാനുണ്ടായിരുന്നു. ഭൃത്യൻ പാലത്തിന്റെ നടുവിലായെന്നു കണ്ടപ്പോൾ യുവാവ് ഒപ്പം ചെന്നു ഭൃത്യനെ പുഴയിലേക്ക് ഒരു തള്ളുകൊടുത്തു. അവൻ മുങ്ങിച്ചാവുന്നതും തപസ്വി കണ്ടു. ശിഷ്യൻറെ ദുർന്നടവടികൾ കണ്ടു കോപാവേശംകൊണ്ടവനാണെങ്കിലും ഇതേവരെ മൌനിയായിരുന്ന തപസ്വി തിരിഞ്ഞുനിന്നു "നിന്ദ്യാ ദുരാത്മാവേ!" എന്നുള്ള സംബോധനയോടെ ഈ ദുഷ്ടനോടു സംസാരിപ്പാൻ തുടങ്ങി. അപ്പോഴേക്കും ആ ശിഷ്യൻ 'സ്വർഗ്ഗീയരൂപം' കൈക്കൊണ്ടു ശാന്തമായി സംസാരിപ്പാൻ തുടങ്ങി. ഡംഭിന്നുവേണ്ടി അതിഥി സൽക്കാരം ചെയ്യുന്നവന്റെ കാഞ്ചനപാത്രം മോഷ്ടിപ്പാനും ആവശ്യത്തിലധികം ധനമുണ്ടായിട്ടും ലോഭിയായിതീർന്നവന്നു കാഞ്ചനപാത്രം സമ്മാനിച്ച് അവന്റെ ചിത്തത്തിൽ ധനത്തിന്റെ ശരിയായ ഉപയോഗം ഉറപ്പിക്കുവാനും, ദൈവവിശ്വാസം ഉണ്ടായിരുന്നവന്നു ഒരു സന്താനമുണ്ടായപ്പോൾ ആ സന്താനത്തെ ചിന്തിച്ചു ദൈവത്തെ വിസ്മൃതിപഥത്തിൽ തള്ളാതെ കഴിപ്പാൻ അവന്റെ കുട്ടിയെ നശിപ്പിക്കുവാനും, യജമാനന്റെ ധനം മോഷ്ടിച്ചു ധനികനാവാൻ ഒരുങ്ങിയ ഭൃത്യനു മരണശിക്ഷ കൊടുപ്പാനും തപസ്വിയെ അനുഗ്രഹിപ്പാനും ആയി ദൈവകല്പനയാൽ ഭൂമിയിലേക്കു വന്ന ഒരു ദൈവദൂതനാണു താനെന്നും പറഞ്ഞു ആ ദിവ്യരൂപം മായുകയും ചെയ്തു. ഇതാണു ഈ കൃതിയുടെ കഥാസാരം.

ഗ്രന്ഥകാരനായ ഉണ്ണിപ്പാറൻ വൈദ്യരവർകൾ സാഹിത്യലോകത്തിൽ ഒരു സുപരിചിതനാണ്. "ജീവകാരുണ്യം" "സ്തവരത്നാകരം" "കവിതാമഞ്ജരി" "ശ്രീനാരായണസുദർശനം" തുടങ്ങിയ കൃതികളുടെ കർത്താവായ വൈദ്യരവർകൾ 'സന്യാസി' എന്ന പേരിൽ മേല്പറഞ്ഞ കൃതിയെ പാദാനുപാദമയി തർജ്ജമ ചെയ്തതാണ് ഈ പുസ്തകം. "ശബ്ദഭംഗി, ആശയവൈശിഷ്യം, അലങ്കാര ചാതുര്യം" തുടങ്ങി മൂലഗ്രന്ഥത്തിന്നുള്ള ഗുണങ്ങളെല്ലാം ലേശംപോലും വിടാതെ വൈദ്യരവർകൾ "സന്യാസി"യിലും പ്രയോഗിച്ചിട്ടുണ്ടെന്നു മൂലംകൃതി വായിച്ചിട്ടുള്ളവർക്കു എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണു. സന്ദർഭോചിതമായവിധം ചില സ്വാതന്ത്ര്യങ്ങൾ ഗ്രന്ഥകർത്താവ് ഉപയോഗിച്ചിട്ടുള്ളത് ആശയത്തെ വിശദമാക്കുവാനും ചമൽക്കാരം കൂട്ടുവാനും പര്യാപ്തമായിട്ടുണ്ടെന്നു പറയാവുന്നതാണ്.

വിദേശഭാഷയിൽനിന്നു പദാനുപദ തർജ്ജമ ചെയ്കയെന്ന ഒരു പുതിയ പ്രസ്ഥാനത്തേയാണു വൈദ്യരവർകൾ സ്വീകരിച്ചിട്ടുള്ളത്. ഈ പ്രവൃത്തി സാമാന്യം ക്ലേശസമ്മിശ്രമാണെങ്കിലും മലയാളഭാഷയുടെ പരിപൂർത്തിക്ക് ഈ പരിശ്രമവും ആവശ്യം തന്നെയാണ്.

നവീനവിദ്യാഭ്യാസം ആസ്തിക്യബോധത്തെ നശിപ്പിച്ചുകളയുവാൻ ഉപയുക്തമായി തീരുന്നുണ്ടെന്ന അപവാദത്തിന്നു ശക്തികൂടി വരുന്ന കാലമാണിത്. ആസ്തിക്യമാകുന്ന തറയില്ലാതെ സദാചാരം ഉറച്ചു നിൽക്കുന്നതുമല്ല. യുക്തിവാദം ചെയ്യുന്ന ലോകയതികന്മാരെപ്പോലുള്ളവർ എന്തു പറഞ്ഞാലും അഗോചരമായ ഒരു ദൈവീകഭരണശക്തി ലോകമെങ്ങും വിലസുന്നുണ്ടെന്നു സൂക്ഷ്മദൃഷ്ടിയോടെ ലോകസംഭവങ്ങൾ വീക്ഷിക്കുന്നവർക്കറിയുവാൻ ഒരു പ്രയാസവുമില്ല. അങ്ങിനെയുള്ള ഒരു അഗോചരമായ ദൈവീകഭരണതത്വത്തെത്തന്നെയാണ് ഈ ഗ്രന്ഥം തെളിയിക്കുന്നത്. വിശ്വസാക്ഷിയും, വിശ്വസൃഷ്ടിസ്ഥിതി സംഹാരകാരണനുമായ ഒരു കർത്താവിന്റെ കീഴിലാണ് ഈ ലോകം നിലനിന്നുപോകുന്നതെന്നും ഈ കൃതി സമർത്ഥിക്കുന്നു.

ഉണ്ണിപ്പാറൻ വൈദ്യരവർകളുടെ ഈ കൃതി ഒരു സ്വതന്ത്രകൃതിയാണെന്നു തോന്നിപ്പിക്കത്തക്കവിധം പല ഭാഗങ്ങളെ വളരെ സുന്ദരമായിട്ടുണ്ട്. പാശ്ചാത്യരുടെ കഥയെ പൌരസ്ത്യരുടെ രുചിക്കു യോജിപ്പിക്കുവാൻ ചില പാഠാന്തരങ്ങൾ കൂടി ചില ദിക്കിൽ വരുത്തീട്ടുണ്ട്. മാകന്ദമഞ്ജരി വൃത്തത്തിൽ അത്ര കോമളമായി രചിച്ച ഈ കൃതിയിൽ നിന്നു പ്രത്യേകം ചില ഭാഗങ്ങൾ ഉദ്ധരിച്ച് ഈ അവതാരികയെ ദീർഘിപ്പിക്കേണ്ടതായ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ഗ്രന്ഥകാരൻ സർവ്വഥാ അർഹിക്കുന്ന കൊച്ചിമഹാരാജാവു തിരുമനസ്സിലെ പ്രോത്സാഹജനകമായ അനുഗ്രഹത്തോടെ പുറത്തിറക്കുന്ന ഈ കൃതിയെ ഭാഷാബന്ധുക്കളുടേയും വിദ്യാഭ്യാസാധികൃതന്മാരുടേയും ദൃഷ്ടിയിൽ സവിശേഷം പതിയുമെന്ന വിശ്വാസത്തോടെ, മഹാജനസമക്ഷം ഞാൻ സന്തോഷത്തോടെ അവതരിപ്പിച്ചുകൊള്ളുന്നു.

ചെമ്പൂക്കാവ്,
25-2-1908.

എന്ന്
സി. കുഞ്ഞിരാമമേനോൻ (ഒപ്പ്)

സന്യാസി

മാകന്ദമഞ്ജരി

ദൂരത്തമരും വനത്തിൽ മഹാലോക-
ഗോചരം ചേരാതിരിക്കും ദിക്കിൽ, 1
യൌവ്വനംതൊട്ടുതൻ വാർദ്ധക്യമാവോളം
ഭവ്യനൊരു മുനി വാണിരുന്നു; 2

പാഠാന്തരം.
(മാവനദേശത്തകലത്തൊരുകാട്ടിൽ
മാലോകദൃഷ്ടിയെത്താത്ത ദിക്കിൽ,
മാരാപ്തിപ്രായം തുടങ്ങി ജരവരെ
മാന്യനൊരു മുനി വാണിരുന്നു,)

പുൽത്തറയിങ്കൽ കിടന്നും, ഗുഹാതലം
പ്രത്യഹമാശ്രമമാക്കിവെച്ചും, 3
കായുംകനിയുമശിച്ചും തെളിഞ്ഞങ്ങു
കാണുമരുവിജലംകുടിച്ചും, 4
മാർത്ത്യരിൽ നിന്നങ്ങൊഴിഞ്ഞു മഹേശ്വര-
ഭൃത്യനായ് നാളുകളെക്കഴിച്ചും, 5
പ്രാർത്ഥനതൻ കൃത്യമാക്കിയവൻ ദൈവ
കീർത്തനം സാക്ഷാൽ പ്രമോദമാക്കി. 6
തത്രപുണ്യപ്രദം തദ്ധന്യ ജീവിത-
മെത്രയും ശാന്തരമണീയം താൻ, 7
സ്വർഗ്ഗീയ സൗഖ്യമായ് തോന്നിയിരുന്നുപോൽ
സംശയമൊന്നങ്ങുദിക്കും വരെ; 8
"ദുഷ്ടത ഹന്ത! ജയിക്കുന്നു!
സജ്ജനം ദുഷ്ടജനത്തിനും കീഴ്പ്പെടുന്നു!" 9
വിശ്വാസം ഭേദിച്ചു, സംശയംവർദ്ധിച്ചു,
ഈശ്വരശക്തിയിലിങ്ങതിനാൽ, 10
ഏതോ പ്രസംസനീയൈശ്വര്യം ചിന്തിക്കും
ചേതസ്സു തീരെ നശിച്ചുവന്നു, 11
കേവലമാശകളെല്ലാം ലയിച്ചങ്ങു
ജീവിതചൈതന്യം കുടിപ്പോയി. 12
ചാഞ്ചല്യമറ്റൊരു നീരരാശിതന്നി-
ലഞ്ചിതശാന്തപ്രകൃതിരൂപം, 13

ബിംബിച്ചുകാണുമേ, നോക്കുകിലാവക
നിർമ്മലമായങ്ങു വേറെ വേറെ; 14
കീഴെവളഞ്ഞ കരകാണ്മു, വൃക്ഷങ്ങൾ
കീഴ്മേലായിവളർന്നു, കാണ്മു, 15
താഴെയായാകാശമെല്ലാം കണക്കുപോൽ
പാഴറ്റമോടിയോടങ്ങു കാണ്മൂ; 16
എങ്കിലൊരുകല്ലു ശാന്തജലരാശി-
തങ്കൽ ക്ഷിപിതമാകുന്നപക്ഷം, 17
വേഗത്തിൽ കല്ലോലജാലം പ്രവൃത്തമായ്
ഭാഗത്തിലെല്ലാമടിഞ്ഞുചേരും, 18
പിന്നീടതിങ്കലുടഞ്ഞപോൽ സൂര്യന്റെ
മിന്നും കഷണങ്ങൾ ബിംബിക്കുന്നു, 19
തീരവും, വൃക്ഷവുമാകാശവുമെല്ലാം
തീരക്കുഴപ്പമായ് തന്നേകാൺമൂ. 20
സംശയംതീർപ്പാനും ലോകതത്വം സ്വയം
സംസർഗ്ഗംകൊണ്ടു പഠിപ്പതിന്നും 21
ഗ്രന്ഥം കഥിപ്പതോ, ഗ്രാമ്യന്മാർ ചൊൽവതോ
സിദ്ധാന്തമെന്നു ഗ്രഹിപ്പതിന്നും, 22
എന്തെന്നാൽ ലോകത്തെ ഗ്രാമ്യന്മാരിൽ നിന്നെ
പന്തിക്കീമാമുനി കേട്ടിട്ടുള്ളു; 23
രാത്രിയാംവേളയിൽ മഞ്ഞിലടനംചെ-
യ്തുത്രചെല്ലാറുണ്ടു ഗ്രാമ്യജനം. 24
തന്റെ ഗുഹാഗൃഹം സംത്യജിച്ചാമുനി
തൻയോഗദണ്ഡം ധരിച്ചു കയ്യിൽ, 25
പാലസ്റ്റയിൽ ശംഖത്തോടൊന്നുഷ്ണീഷത്തിൽ
ചേലൊത്ത തീർത്ഥയാത്രക്കുവെച്ചാൻ; 26
പാഠാന്തരം. (വന്ദ്യശിരസ്സത്തിൽ സന്യാസമുദ്രയു-
മെന്നേ! മുനിചേർത്തൊരുങ്ങിക്കൊണ്ടു;)
നന്നായുദയാർക്കൻ പൊങ്ങിവരുംനേരം
തന്നേ മുനീന്ദ്രനും യാത്രയായി, 27
ശാന്തമായ് ചിന്തിച്ചാമാമുനി, കാണ്മതു
സന്തതം നോക്കി ഗ്രഹിച്ചുപോയി. 28
വന്നപ്രഭാതം കഴിഞ്ഞു വഴിയെങ്ങൂ-

മൊന്നുമില്ലാതുള്ള മൈതാനത്തിൽ; 29
ദൂരവുമേകാന്തവുമായുള്ളാരണ്യ-
ദുർഗ്ഗമമാർഗ്ഗമവൻ കടന്നു, 30
അക്കാലം സൌഖ്യംകൊടുക്കും ചുടരശ്മി-
യർക്കനണച്ചങ്ങു ദാക്ഷിണാത്യൻ, 31
യൌവ്വനയുക്തനൊരുത്തൻ കടന്നങ്ങു
മുന്നിൽ മുറിവഴിക്കെത്തിമുട്ടി. 32
അദ്ദേഹം ചാർത്തുന്ന പൂന്തുകിൽമോഹനം.
തദ്ദേഹഭംഗി പറഞ്ഞാൽതീരാ. 33
കാരുണ്യമാർദ്ദവം പൂണ്ടിട്ടോ പൂമുടി
പാരംചുളിഞ്ഞു പറന്നിരുന്നു. 34
"സ്വാമിക്കുവന്ദന" മെന്നങ്ങടുത്തവൻ
സംമോദത്തോടു വദിച്ചപോലും; 85
പാഠാന്തരം:
("അച്ഛനു സ്വസ്തി" യെന്നപ്പോളടുത്തവ-
നുച്ചത്തിലൊന്നു കഥിച്ചപോലും;)
താതനു[1] സ്വസ്തിഭവിക്കട്ടെയെന്നപ്പോ-
ളോതി മഹാനാകും മാമുനിയും; 36
പിന്നെയും പിന്നെയും ധാരാളം ധാരപോൽ
അന്യോന്യം ചോദിച്ചും ചൊല്ലിയും പോയ്, 37
കാനനമാർഗ്ഗം കഴിഞ്ഞതറിഞ്ഞീല
നാനാരസകരഭാഷണത്താൽ; 38
അന്യോന്യം ചിത്തമവർക്കു രസിച്ചപോൽ,
ധന്യർക്കു വേർവാടസഹ്യമായി; 39
വ്യത്യാസം പ്രായത്താലുണ്ടെന്നിരിക്കിലും
ചിത്തത്തിനൈക്യത പാരമാർന്നു; 40
"എമ്മട്ടു മൂത്തുമുരച്ചൊ"രെലം'മരം
തമ്മേലേറുംമൈവിഭംഗിളുകം, 41
അമ്മട്ടുതന്നെ യുവാവാമൈവിക്കൊടി,
അമ്മാമുനിയെയെലമാക്കിനാൻ. 42
ആദിത്യൻ മുങ്ങി മറവാൻഗമിക്കയാ-
യാദിനം പോകും മണിക്കുറിങ്കൽ, 43

[1]താതൻ=പുത്രൻ

പാരം പരന്നൊരു ചെമ്പൻനര നിറ-
പ്പേർപൊങ്ങും മൂടുപടം ധരിച്ചോൻ; 44
ശാന്തപ്രപഞ്ചപ്രകൃതമീലോകത്തെ
സിദ്ധാന്തിച്ചീടുന്ന വിശ്രമിപ്പാൻ, 45
അക്കാലം കെങ്കേമം കെട്ടിടം റോട്ടിന്റെ
വക്കത്തുനിന്നായി പൊങ്ങിക്കണ്ടു. 46
താരാധിപൻച്ഛവി ളുവീടുന്നാദിക്കിൽ
ഭൂരുഹവ്രാതത്തിൽ കൂടിപ്പോയാർ. 47
ശാഖിവ്രതത്തിന്റെ പച്ചക്കിരീടങ്ങൾ
ശാദ്വലഭ്രൂവിനെ ചുംബിക്കുന്നു. 48
കൊട്ടാരം പൊലെ മണിമേടയായിട്ടു
കെട്ടിച്ചാവീടൊരു വിത്തേശാഭൻ, 49
തെണ്ടിത്തിരിയുമപരിചിതന്മാർക്ക-
ങ്ങുണ്ടുസുഖിക്കുമാറാക്കിവെച്ചു; 50
കാരുണ്യമീവിധമുണ്ടെങ്കിലും തന്റെ
പേരുകേൾപ്പാൻ കാട്ടുംദാക്ഷിണ്യത്താൽ. 51
നിസ്സാരന്മാരെ സുഖികളായ്ത്തുള്ളിക്കും
നീതിയായ്ത്തന്നെ വിളങ്ങിയങ്ങു, 52
രണ്ടുപേരും ചെന്നാർ, തുല്യവേഷാങ്കിതം
പൂണ്ടെഴും വില്ലക്കാർ സ്വീകരിച്ചാർ; 53
ആഗതന്മാർക്കന്തസ്സേറിടും വാതിൽക്കൽ
സ്വാഗതം തൽപ്രഭു ചെയ്തുകൊണ്ടാൻ. 54
മേനി രുചി വിലയേറും നല്ലാഹാരം
മേശധരിച്ചു ഞരുങ്ങീടുന്നു, 55
മര്യാദയിൽ മീതെ ധാരാളമുണ്ടായ-
ങ്ങാര്യസല്ക്കാരങ്ങളെല്ലാതുമേ. 56
പിന്നീട്ടുറങ്ങവാൻപോയവരദ്ദിനം
തന്നിൽ പരിശ്രമമേറെച്ചെയ്തോർ, 57
അന്നത്തുലേത്തുംനൽ പട്ടിൻകിടക്കയിൽ
നന്നായുറങ്ങിനാരേറ്റം വേഗം. 58
പ്രാഭാതികകാലമായിതവസാനം
ശോഭദിനത്തിൻ വരവുരക്കെ, 59
ചാലിൽ ചാലിക്കുമിളം പവൻപരം

ലീലകോരിക്കൊണ്ടിരുന്നിരുന്നു; 60
നൂതനഭംഗിതിളങ്ങും മലർക്കാവിൽ
വാതപോതംതാനിഴഞ്ഞിരുന്നു; 61
ചാരത്തുതെന്നലിലകളിളക്കിനാൻ,
ചേരുമുറക്കുണർത്തിക്കൊണ്ടാൻ; 62
അക്ഷണനം നന്നായ് സ്വീകരിച്ചുംകൊണ്ടി–
ട്ടപ്പോഴതിഥികളങ്ങെണീറ്റു ; 63
പ്രാതൽ മനോഹരഹാളിലലങ്കാര-
ഭൂതമായുന്നെ വസിപ്പു മുമ്പേ; 64
സമ്പൽസമൃദ്ധം മധുമയം മാർദ്ദീകം
പൊമ്പാത്രുതേയുമലങ്കരിപ്പൂ! 65
ആയതൗദാര്യം കലരും യജമാനൻ
ആയവണ്ണം ചൊന്നെടുപ്പിച്ചുതേ; 66
പിന്നീടു തുഷ്ടിയും നന്ദിയും കൈക്കൊണ്ടു
തന്നെ പടിക്കൽ പിരിഞ്ഞവരും; 67
പാർക്കിൽ പ്രഭുവിന്നൊഴിഞ്ഞു വേറെയപ്പോ-
ളാർക്കും വ്യസനിപ്പാനൊന്നുമില്ല; 68
കാഞ്ചൻപാത്രം കാണാഞ്ഞു തിരയാറായ്,
കാരണം ചൊല്ലാ,മൊളിച്ചുതന്നെ 69
ആ യുവാവാകുമതിഥി വെച്ചീടിനാൻ
പൂമോടിചിന്തും സുവർണ്ണപാത്രം. 70
യാതൊരു മാനുഷന്തന്നുടെ മാർഗ്ഗത്തിൽ
ആതപമേറ്റു നിവസിച്ചീടും, 71
മിന്നിത്തിളങ്ങുന്ന കാകോളാധീശനെ
ചെന്നഹോ!പെട്ടെന്നു കണ്ടുവെന്നാൽ, 72
വേപമാനനായി നിന്നീടും, നോക്കീടു-
മാപത്തടുത്തതിൽ നിന്നൊഴിവാൻ, 73
പിന്നെ നടന്നീടും ഗ്ലാനിയോടും കൂടി
പിന്നെയും നോക്കീടും ഭീതിപൂർവ്വം; 74
ആയവൻപോലവേ, സന്യാസിഭീതനായ്
മായമായ് കൈക്കൊണ്ടവസ്തു നേരേ, 75
ക്രൂരഹൃദയനാം കൂട്ടുകാരൻ റോട്ടിൽ
ദൂരത്തുചെന്നാറെ കാണിച്ചപ്പോൾ; 76

മൗനസ്ഥിതനായി, കമ്പിതചിത്തനായ്
മെല്ലെത്താൻ മെല്ലേ നടന്നുപിന്നെ; 77
ചേർച്ച പിരിയുവാൻ ചിന്തിച്ചുവെങ്കിലും
ചേർച്ച പിരിയുവാൻ വാക്കൊന്നും തോന്നിയില്ല, 78
ഓരോന്നുതന്നത്താനോരുവാൻ കൺപൊക്കി
"പാരമൊരുത്തന്നുപകാരത്തിൽ 79
ദുസ്തരകർമ്മം പ്രതിഫലമാവുകിൽ
നിസ്തർക്കം ക്രൂരമെന്നോതിപോലും!" 80
ആയവരിങ്ങനെ പോകുന്നനേരത്ത-
ങ്ങാദിത്യരശ്മി മറഞ്ഞുപോയി, 81
മാറിമാറിക്കേറിവാനിലതുകാലം
കാറിൻഗണമേറെത്തുങ്ങിക്കണ്ടു; 82
മാരുതൻതന്റെയിരച്ചിലുരച്ചഹോ!
മാരിയടുത്തു ചൊരിയും കാര്യം; 83
മാറിയൊളിക്കുവാൻതന്നെ പശുഗണം
മൈതാനത്തിങ്കൽ കുറുക്കെപ്പാഞ്ഞു; 84
ഇങ്ങിനെയുള്ളൊരടയാളം കണ്ടപ്പോ-
ളങ്ങടനംചെയ്യും രണ്ടുപേരും, 85
സങ്കേതംപ്രാപിപ്പാൻ ഓടികിതച്ചവർ
ശങ്കിക്കാതെചെന്നടുത്തവീട്ടിൽ. 86
പൊക്കംകുറഞ്ഞുള്ള മേടയാകുന്നതോ
പൊക്കമേറീടിന ഭൂമിതന്നിൽ; 87
ശക്തിയും, ദീഗർഘവുമുണ്ടതിനെങ്കിലും
ശൂപ്തം പരിഷ്കാരം ചുറ്റുപാടും, 88
തൽപുരസ്വാമിസ്വഭാവങ്ങളാകുന്ന
കെൽപേറും ദ്രോഹവും, ക്രൂരതയും, 89
നിർദ്ദയതാനും, പിശുക്കുമദ്ദേശത്തെ
നിർജ്ജനമാക്കിച്ചമച്ചിരിപ്പൂ! 96
ലുബ്ധേശദ്വാരസമീപത്ത് ദാക്ഷിണ്യ-
ലുബ്ധിക്കാനന്യാശ്രയരടുക്കെ, 91
കോപിച്ചു പെട്ടെന്നു വീശിത്തടിച്ചുള്ളോ-
രാപൽകരമാം കൊടുങ്കാറ്റുണ്ടായ്; 92
മിന്നൽമിന്നമിനെത്തുള്ളിച്ചു തുള്ളിച്ചു

കന്നിടിക്കും മാരിയാരംഭിച്ച, 93
നേരേയവരുടെ ശീർഷോപരിയായി
ഘോരംമുഴക്കുമിടികുടുങ്ങി. 94
അക്കവാടത്തിങ്കലേറ്റമവർമുട്ടി
ഒക്കയുമങ്ങു വൃഥാവിലായി; 95
മാരുതൻതല്ലി വലച്ചവരെയേറ്റം
ഘോരം മഴയിലവരലഞ്ഞു. 96
വീട്ടധിപനങ്ങൊട്ടുക്കമുൾപ്പൂവിങ്കൽ
പാട്ടിൽദ്ദയയേറും കാന്തിപൊങ്ങി; 97
(താനൊരതിഥിയെയൊന്നാമതായിട്ടു
മാനിച്ചതക്കാലംതന്നെയല്ലോ!) 98
ഏറെക്കെരെകെരന്നോതുംകവാടത്തെ
പാരംശ്രദ്ധിച്ചു തുറന്നു മെല്ലെ; 99
തുള്ളിവിറക്കുമിരുജനത്തിന്നവൻ
ചൊല്ലിനാൻ സ്വാഗതമർദ്ധചിത്തൻ. 100
ഉള്ളിലൊരുകൊള്ളി കത്തുന്നലങ്കാര-
മില്ലാതിരിക്കും ചുമരുകാൺമൂ, 101
അക്കാലഭേദത്തിൻക്ഷോഭം പ്രത്യക്ഷമായ്
നില്ക്കുന്നതിഥി ശരീരങ്ങളിൽ; 102
മുറ്റുംപരുക്കനാമപ്പക്ഷണവു-
മേററം ചുരുക്കമായുള്ള വീഞ്ഞും. 103
ഓരോരുത്തർക്കും കഴിച്ചുകൊണ്ടീടുവാൻ
നേരേയെടുത്തവർ നൽകിയത്രെ. 104
പിന്നീട്ടടൻ കാറ്റും മാരിയും മാറിയെ-
ന്നൊന്നുകണ്ടക്ഷണം ലുബ്ധപ്രഭു, 105
“മാറിമഴയിപ്പോൾ മന്ദം നടന്നീടാം
മാന്യജനങ്ങളെ നിങ്ങൾക്കെന്നായ്.” 106
മാനസം വീണ്ടുമഭിപ്രായത്തെചൊല്ലി.
മാമുനി ചിന്താലയനിറങ്ങി, 107
ദ്രവ്യവൃദ്ധൻതന്നിൽ ലോഭപ്രവാസവും
ഭവ്യഹീനത്വവും മേവിടുന്നു; 108
(ചിന്തിച്ചു സന്യാസി താനകതാരിങ്കൽ.)
“എന്തൊരു കഷ്ടമിതോർത്തുകണ്ടാൽ, 109

എത്രയുമാവിശ്യക്കാർ ബുദ്ധിമുട്ടുമ്പോ
ളെത്രയും ദ്രവ്യമിവൻ സൂക്ഷിപ്പൂ! 110
അത്രമാത്രമല്ല, നൂതനാശ്ചര്യത്തിൻ
ചിത്രങ്ങളുണ്ടായ് നിമിഷംതോറും. 111
സന്യാസിതൻ മുഖപ്പൂതന്നിൽത്തന്നെ ദു-
ർദ്ധന്യമാം കാഴ്ച പിന്നീടുകാൺകേ; 112
ബാലിശൻകൂട്ടുകാരൻതാൻകളവായി
കാലേയെടുത്ത,തൌദാര്യമേറും. 113
അഞ്ചിതശീലന്റെകാഞ്ചനപാത്രമുൾ-
ക്കഞ്ചുകംതന്നിൽനിന്നുദ്ധരിച്ചു, 114
പാരം വിലയേറുമാഭാജനം പിന്നെ
ക്രൂരഹൃദയനായ്ത്തന്നെ മേവും; 115
ഭാരിച്ചലുബ്ധന്നു ധാരാളിയായവൻ
ഭൂഷണമായിക്കൊടുത്തു പോലും! 116
എന്നാലങ്ങക്കാലം മേഘങ്ങൾ വായുവി-
ലെന്നേ! വിറച്ചുപറന്നിരുന്നു; 117
ആകാശദേശത്തെക്കാശിപ്പിച്ചുംകൊണ്ടി-
ട്ടാദിത്യദേവൻ പുറത്തുവന്നു; 118
സൌരഭ്യപാത്രങ്ങൾ പച്ചനിറമാകും
സൌന്ദര്യമേറ്റം പ്രകാശിപ്പിച്ചു, 119
ഇമ്മട്ടെഴും ദളം മിന്നിക്കളിച്ചേറ്റം
ഉന്മേഷമദ്ദിനം തന്നിലേറ്റി 120
ഒക്കാത്ത നിസ്സാരസങ്കേതത്തിൽനിന്നി
ട്ടക്കാലഭംഗിക്ഷണിച്ചവരെ; 121
അപ്രഭു ശങ്കിതൻ തുഷ്ടനായിത്തന്നെ
ക്ഷിപ്രമാവാതിലടച്ചുകൊണ്ടാൻ. 122
ആയവർ വീണ്ടുംനടന്നുതുടങ്ങവേ
ആയമി സ്വാന്തം കലങ്ങി പാരം, 123
ഒട്ടും കുറിയേതുമില്ലാത്ത ചിന്തകൾ
മുട്ടി മനസ്സിന്നു ദുഃഖമേറ്റി: 124
തന്നുടെ കൂട്ടുകാരൻതന്റെ കർമ്മങ്ങൾ
തൻേറടമില്ലാത്ത മട്ടിലല്ലോ! 125
നിർമ്മര്യാദമായീതാദ്യം പ്രവർത്തിച്ച-

ഉന്മാദകർമ്മംതാൻ പിന്നത്തേതും : 126
ഒന്നാമത്തെക്കർമ്മം തീരെച്ചെറുത്തവൻ,
പിന്നത്തതോർവൻ ”കഷ്ടംവെച്ചു” 127
വ്യത്യസ്ഥകാഴ്ചകൾ കണ്ടവൻപോകവേ
ചിത്തംഭ്രമിച്ചു വിനഷ്ടമായി! 128
അക്കാലം രാത്രിയായാകാശമാർഗ്ഗത്തിൽ
തിക്കിക്കുഴക്കുമിരുട്ടിറങ്ങി; 129
വീണ്ടുമീ പാന്ഥർക്കുചെന്നുശയിക്കുവാൻ
വേണ്ടിവന്നു സ്ഥലമൊന്നെന്നായ്: 130
തൽക്ഷണമെങ്ങും തിരഞ്ഞുനോക്കീടുമ്പോൾ
വീക്ഷിച്ചു വീടൊന്നരികിൽ തന്നെ: 131
നാലുപുറം മുറ്റം ചേലുപൂണ്ടേലുന്നു.
മാലിന്യം ഹർമ്മ്യത്തിന്നേതുമില്ല, 132
സംഭാരമില്ലാത്തമട്ടു ചെറുതല്ല,
പ്രാഭവംതോന്നിക്കും മട്ടുമല്ല; 133
ആയതു കാണുമ്പോൾ തൽസ്വാമിതന്നുടെ
മായമാകുന്നു മനസ്സറിയാം, 134
തൃപ്തിപ്രദംതാൻ, സ്തുതി ലഭിപ്പാനല്ല,
പ്രത്യേകം സൽക്കർമ്മം ദീനാലംബം 135
അക്കാണും വീട്ടിലേക്കപ്പഥികയുഗ്മം
വെക്കം തിരിച്ചു തളർന്ന പദം; 136
അപ്പോളനുഗ്രഹം മാളികക്കുചൊല്ലി
തൽപുരസ്വാമിക്കു വന്ദനവും; 137
ചാരുവിനയാന്വിതാരാമവർകളെ,138.139”,140,141;142.”143;144;145,146147;;148,−−.149−−,150,

പ്രസാധകർ

താളിളക്കം